പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 18.07.2016 -ൽ മറുപടിക്ക്

ചോദ്യം നം. 269

## മത്സ്യത്തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിന് നിയമനിർമ്മാണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എസ്. ശർമ്മ**<br>**ശ്രീ. കെ.വി. അബ്ദുൾ ഖാദർ**<br>**ശ്രീ. കെ. ദാസൻ**<br>**ശ്രീ. കെ. ആൻസലൻ** | | **ശ്രീമതി. ജെ. മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനിയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി) |
| എ) | മത്സ്യബന്ധന സാമഗ്രികളുടെ ഉടമസ്ഥതയുള്ള മത്സ്യത്തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിനും കടലിലേക്കുള്ള പ്രവേശനത്തിനും സമുദ്ര വിഭവങ്ങളുടെ ഉപയോഗത്തിനുമായി സമഗ്രമായ ഒരു അക്വേറിയൻ റീഫോംസ് ആക്ട് പ്രാബല്യത്തിൽ വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | എ) | ഉണ്ട്. 13.04.2007 ലെ സർക്കാർ ഉത്തരവ് സ.ഉ.(സാധാ)നം. 245/07/മതുവ പ്രകാരം ഫിഷറീസ് മേഖലയിൽ അക്വേറിയൻ റിഫോംസ് ആക്ട് നടപ്പിൽ വരുത്തുന്നതിനായി ഒരു എക്സ്പേർട്ട് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ഫിഷറീസ് മേഖലയിലെ ട്രേഡ് യൂണിയൻ നേതാക്കളുമായും മത്സ്യത്തൊഴിലാളികളുമായും കമ്മിറ്റി സിറ്റിംഗ് നടത്തുകയും മത്സ്യബന്ധനോപാധികളുടെ ഉടമസ്ഥാവകാശവും മത്സ്യത്തിന്റെ ആദ്യ വിൽപ്പനക്കുള്ള അവകാശവും മത്സ്യത്തൊഴിലാളികൾക്ക് മാത്രം ഉറപ്പുവരുത്തുന്നതിനും കൂടാതെ ടെറിറ്റോറിയൽ സമുദ്ര മേഖലയിലെ മത്സ്യസമ്പത്തിന്റെ പൂർണ്ണ അവകാശം മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനുമായി കമ്മിറ്റി ശുപാർശ ചെയ്യുകയും. അതു പ്രകാരം അക്വേറിയൻ ബില്ലിന്റെ ഡ്രാഫ്റ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.<br>പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനം ഉറപ്പ് വരുത്തുന്നതിനു വേണ്ടി ടെറിറ്റോറിയൽ സമുദ്ര മേഖലയിലെ മത്സ്യബന്ധനത്തിന്റെ ആദ്യവില്പന ക്രമപ്പെടുത്തുകയും ചെയ്യുന്നതിനായുള്ള അക്വേറിയൻ റിഫോംസിന്റെ കരട് ബില്ല് സർക്കാർ പരിശോധിച്ച |

| | | | |
|---|---|---|---|
| | | | വരുന്നു. |
| ബി) | സമുദ്ര മത്സ്യ വിഭവ സംരക്ഷണത്തിൽ നിലവിലുള്ള വെല്ലുവിളികളെ നേരിടുന്നതിനും മത്സ്യ സമ്പത്തിന്റെ സുസ്ഥിരത ഉറപ്പാക്കുന്നതിനുമായി 1980 ലെ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ടിൽ കാലോചിതമായ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | ബി) | ഉണ്ട്. കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ടിൽ കാലോചിതമായ ഭേദഗതി വരുത്തുന്നതിലേക്കായി ഫിഷറീസ് അഡീഷണൽ ഡയറക്ടർ ചെയർമാനായും സെന്റർ ഫോർ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CMFRI) & സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞർ, ഫിഷറീസ് വകുപ്പിലെ ഉയർന്ന സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിക്കുന്നതാണ്. നിർദ്ദിഷ്ട സമിതി തയ്യാറാക്കുന്ന ശുപാർശകൾ സർക്കാർ പരിശോധിച്ച് നിയമഭേദഗതി നടപടികൾ സ്വീകരിക്കുന്നതായിരിക്കും. |
| സി) | വംശനാശ ഭീഷണി നേരിടുന്ന മത്സ്യങ്ങളുടെ സംരക്ഷണത്തിനായി സംയോജിത പദ്ധതികൾ നടപ്പിലാക്കുമോ; വിശദമാക്കുമോ? | സി) | ഉൾനാടൻ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും തദ്ദേശീയ മത്സ്യങ്ങളുടെ വംശനാശം തടയുന്നതും ലക്ഷ്യമിട്ട് കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. മുൻകാലങ്ങളിൽ ഉൾനാടൻ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും തദ്ദേശീയ മത്സ്യങ്ങളുടെ വംശനാശം തടയുന്നതും ലക്ഷ്യമിട്ട് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതികൾ പ്രകാരം കോട്ടയം ജില്ലയിലെ കുമരകം, ആലപ്പുഴ ജില്ലയിലെ നീലംപേരൂർ, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ, കൊല്ലം ജില്ലയിലെ ചേലൂർ കായൽ, പത്തനംതിട്ട ജില്ലയിലെ പമ്പാനദി, കണ്ണൂർ ജില്ലയിലെ പയ്യന്നൂർ, കൊളച്ചേരി എന്നിവിടങ്ങളിലായി 7 മത്സ്യ സങ്കേതങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ